## മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
## ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 166**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

2025 നവംബർ 23-ാം തീയതി പ്രവാസി ഞായർ (Diaspora Sunday) ആയി നമ്മുടെ സഭ വേർതിരിച്ചിരിക്കുകയാണ്. വൈവിധ്യങ്ങൾ നിലനിൽക്കുന്ന സമൂഹത്തിൽ സഭാംഗങ്ങളായ പ്രവാസി സമൂഹത്തിന്റെ ആത്മാർഥതയും, സഹകരണവും പ്രതിജ്ഞാബദ്ധതയും, സഭയുടെ ആദ്ധ്യാത്മിക ഭൗതിക പുരോഗതിക്ക് നിദാനമാണ്. സഭയുടെ സ്വത്വം നിലനിർത്തി ആരാധനയിലും ശുശ്രൂഷകളിലും അവർ സജീവമായി പങ്കെടുക്കുകയും, സേവന പ്രവർത്തനങ്ങളിൽ ഉത്സാഹപൂർവ്വം സഹകരിക്കുകയും ചെയ്തുവരുന്നു.

ഇടവകകളുടെയും ഭദ്രാസനങ്ങളുടെയും സഭയുടെയും സാക്ഷ്യനിർവഹണത്തിൽ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അധിവസിക്കുന്ന സഹോദരങ്ങൾ അർത്ഥവത്തായി പ്രതികരിക്കുന്നു എന്നതിൽ സന്തോഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. വിദേശങ്ങളിലെയും സഭാ അതിരുകൾക്കപ്പുറങ്ങളിലെയും നമ്മുടെ വിശ്വാസ സമൂഹത്തിന്റെ ശുശ്രൂഷകളെ നന്ദിപൂർവ്വം ഓർക്കുന്നു. ലോകമെമ്പാടും പന്തലിച്ചിരിക്കുന്ന മാർത്തോമ്മാ വിശ്വാസ സമൂഹം ദൈവരാജ്യത്തിന്റെ സാക്ഷികളായി തുടരണം.

ഇതുവരെ വഴി നടത്തിയ ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നതിനും പ്രവാസ ജീവിതത്തിലുള്ളവരോട് ഐക്യവും കരുതലും പുതുക്കുന്നതിനും, അവരുടെ പ്രവർത്തനങ്ങൾ സഭയ്ക്കും സമൂഹത്തിനും തുടർന്നും അനുഗ്രഹകരമായിത്തീരുന്നതിനും സഭയായി പ്രാർത്ഥിക്കുന്ന ദിനമാണ് പ്രവാസി ഞായർ. ഉന്നത വിദ്യാഭ്യാസത്തിനും ഉദ്യോഗത്തിനുമായി നമ്മുടെ അനേകം യുവജനങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായിരിക്കുന്നു. അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ആദ്ധ്യാത്മിക കൂട്ടായ്മയും നൽകുന്നതിന് ഓരോ ഇടവകയ്ക്കും കടമയുണ്ട് എന്ന കാര്യം വീണ്ടും ഓർമ്മിപ്പിക്കുന്നു. പ്രാദേശിക തലത്തിൽ ഇടവക രൂപീകരണം, ദൈവീക സംസർഗ്ഗത്തിനും അന്യോന്യമുള്ള കൂട്ടായ്മയ്ക്കും സഹായകരമായി തീരുവാൻ പ്രാർത്ഥിക്കുന്നു

എല്ലാ ഇടവകകളിലും അർത്ഥവത്തായ രീതിയിൽ പ്രവാസി ഞായർ (Diaspora Sunday) ആചരിക്കുകയും വിശ്വാസ സമൂഹത്തിന് വേണ്ടി പ്രാർത്ഥിക്കുകയും, ഐക്യബോധം പ്രകടിപ്പിക്കുകയും ചെയ്യേണ്ടതാണ്. സഭയിലും സമൂഹത്തിലും ഫലപ്രദമായ ശുശ്രൂഷ നിർവ്വഹിക്കുന്നതിന് ഈ ദിനാചരണം മുഖാന്തിരമാകുവാൻ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ,

2025 നവംബർ മാസം 01-ാം തീയതി തിരുവല്ലാ പുലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 166**

*Blessings to all the Vicars, resident clergy, trustees*
*and members of all the parishes under our authority.*

Dearly beloved in Christ,

The Church has set apart Sunday, November 23, 2025, as Diaspora Sunday. The cooperation provided by our Diaspora members for the spiritual and material progress of the Church is commendable. In a society enriched with diversity, the sincerity, cooperation, and commitment of our Diaspora members continue to be instrumental in the spiritual and material growth of the Church. Preserving the identity of the Church, they actively participate in worship and ministries, and enthusiastically support various service activities.

We rejoice and praise God for the meaningful contributions of Mar Thoma believers residing in various parts of the world to the mission and witness of our parishes, dioceses, and Church. We gratefully remember the ministries of our faith community in foreign lands and beyond the boundaries of the Church. May the Mar Thoma faith community, spread across the world, continue to stand as witnesses of the Kingdom of God.

Diaspora Sunday is a day for the Church to offer praise and thanksgiving to God who has led us thus far, to renew our unity and care for those living abroad, and to pray that their contributions continue to be a blessing to the Church and society. Many of our young people are in various parts of the world for higher education and employment. We remind each parish of its responsibility to provide them with the necessary guidance and spiritual fellowship. We pray that the formation of parish units at the local level will lead to deeper divine fellowship and mutual edification.

All parishes are encouraged to observe Diaspora Sunday in a meaningful manner. We exhort the prayer and co-operation of all so that this day may become an occasion to support effective ministry within the Church and the community.

May God's grace be with you all.

Dated 1st November 2025 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan.**